# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2412 07.02.2019-ൽ മറുപടിക്ക്**

**കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള കുടിശ്ശിക**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സ്കൂൾ യൂണിഫോം വിതരണം ചെയ്ത ഇനത്തിൽ കണ്ണൂർ ജില്ലയിൽ കൈത്തറി സഹകരണ സംഘങ്ങൾക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ട്; | (എ) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കും തൊഴിലാളികൾക്കും കൂടി കൂലി ഇനത്തിൽ 18.11.2018 മുതൽ 26.01.2019 വരെ 2,56,26,955/- രൂപ കുടിശ്ശിക ആയി നൽകാൻ ബാക്കിയുണ്ട്. |
| (ബി) പ്രസ്തുത കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) സ്കൂൾ യൂണിഫോം വിതരണം ചെയ്ത ഇനത്തിൽ കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകുവാനുള്ള കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ